ജില്ലകളിലെ റീജിയണൽ അനലിറ്റക്കൽ ലബോറട്ടറികളിൽ സ്ഥിരസംവിധാനം നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത നിലവാരമില്ലാത്തതും സുരക്ഷിതമല്ലാത്തതുമായ പാൽ, പാൽ ഉല്പന്നങ്ങൾ തുടങ്ങിയവയ്ക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006-ഉം അനുബന്ധചട്ടങ്ങളും അനുശാസിക്കുംപ്രകാരം നിയമനടപടികൾ സ്വീകരിക്കാറുണ്ട്.

പൈതൃക കെട്ടിട സംരംക്ഷണം

13(*253) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക കെട്ടിട സംരക്ഷണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) പൈതൃക കെട്ടിട സംരക്ഷണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലുള്ള പൈതൃക കെട്ടിടങ്ങളെ സംരക്ഷിക്കാനുള്ള മാർഗ്ഗരേഖകൾ രൂപീകരിക്കുകയും അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) 31-1-2012-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 154/2012/ പൊ.മ.വ. പ്രകാരം പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി ഒരു പ്രത്യേക സെൽ രൂപീകരിക്കുകയും 5-10-2012-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1698/12/ പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച എംപാനൽഡ് ആർക്കിടെക്ടുമാരുടെ ലിസ്റ്റ് അംഗീകരിക്കുകയും പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ടി ലിസ്റ്റിൽ ഉൾപ്പെട്ട ആർക്കിടെക്ടുമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം 16 പൈതൃക നിർമ്മിതികളെ തെരഞ്ഞെടുക്കുകയും 10 നിർമ്മിതികളുടെ ആധാരരേഖകളുടെയും പ്രമാണ ഗ്രന്ഥങ്ങളുടെയും പരിശോധന പൂർത്തിയാക്കി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 16 പൈതൃക നിർമ്മിതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത പൈതൃക കെട്ടിടങ്ങളിൽ ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം, കേരള പാലസ്, കുറ്റാലം; ടൗൺഹാൾ തൃശ്ശൂർ; കൊച്ചി സ്റ്റേറ്റ് അസംബ്ലി ഹാൾ, ഗവൺമെന്റ് ലോ കോളേജ്, എറണാകുളം; മഹാരാജാസ് കോളേജ്, എറണാകുളം; യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം എന്നിവയുടെ ഡോക്യുമെന്റേഷൻ പൂർത്തിയായിട്ടുണ്ട്.

അക്കാദമിക് സിറ്റി

14(*254) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കാദമിക് സിറ്റിയുടെ പ്രവർത്തനത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ-സി) നിയമനിർമ്മാണത്തിന് വിധേയമായി വിദേശ സർവ്വകലാശാലകളുടെ സഹകരണത്തോടുകൂടി കേരളത്തിൽ അക്കാദമിക് സിറ്റി രൂപീകരിക്കുന്നതിനായുള്ള പ്രക്രിയയ്ക്ക് ആരംഭം കുറിച്ചിട്ടുണ്ട്. അന്താരാഷ്ട്രതലത്തിൽ പ്രശസ്തമായ വിദേശ സർവ്വകലാശാലകൾക്ക് സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ചേർന്ന് ടിന്വിംഗ് പ്രോഗ്രാം മുഖേന വിദ്യാർത്ഥികൾക്ക് കോഴ്സുകൾ വാഗ്ദാനം ചെയ്യാൻ അവസരമൊരുക്കുക എന്നതാണ് അക്കാദമിക് സിറ്റിയുടെ പ്രധാന ലക്ഷ്യം. ഇതിലൂടെ കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിനായുള്ള ഒരു അന്താരാഷ്ട്ര ഹബ്ബായി മാറ്റാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. അക്കാദമിക് സിറ്റി രൂപീകരിക്കുന്നതിന്റെ ആദ്യപടിയായി 2016 ജനുവരി 29,30 തീയതികളിൽ കോവളത്തുവച്ച് ഒരു ആഗോള വിദ്യാഭ്യാസ സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സംഗമത്തിൽനിന്നും ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും അക്കാദമിക് സിറ്റിയെ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly